പതിമൂന്നാം കേരള നിയമസഭ

8-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2371 01/04/13-ൽ മറുപടിയ്ക്ക്

# ഗ്രേഡ് II അറ്റൻഡർമാരെ പിരിച്ചുവിട്ട നടപടി

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 9-ഉം 10-ഉം വർഷമായി ഗ്രേഡ്-II അറ്റൻഡർ തസ്തികയിൽ പത്തനംതിട്ട ജില്ലയിലെ വിവിധ ആശുപത്രികളിൽ ജോലിനോക്കിയിരുന്ന ആളുകളെ പിരിച്ചുവിട്ടിട്ടുണ്ടോ; | (എ) | പത്തനംത്തിട്ട ജില്ലയിലെ വിവിധ ആശുപത്രികളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതന വ്യവസ്ഥയിൽ ഗ്രേഡ് II ആശുപത്രി അറ്റൻഡർ തസ്തികകളിൽ നിയമിതരായിരുന്നവരെ പിരിച്ചുവിട്ടിട്ടുണ്ട്. |
| (ബി) | ഇവരെ പിരിച്ചുവിടുന്നതു സംബന്ധിച്ച് ഏതെങ്കിലും ഹൈക്കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉത്തരവിലെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഈ ഒഴിവുകൾ എത്രയെണ്ണമാണ് ഉണ്ടായിട്ടുള്ളത്; ഈ ഒഴിവുകൾ എങ്ങനെയാണ് നികത്തിയിട്ടുള്ളത്; | (സി) | 70 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിനായി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യത്തിൽ, ആരോഗ്യ വകുപ്പിലെ 50 ശതമാനം പാർട്ട് ടൈം സ്വീപ്പർമാർക്ക് ഉദ്യോഗകയറ്റം നൽകിയും, ബാക്കി 50 ശതമാനം ഒഴിവുകൾ നികത്തുന്നതിനായി പത്തനംത്തിട്ട ജില്ലയിലെ മറ്റ് സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം സ്വീപ്പർമാരെ സംബന്ധിച്ച് പത്തനംത്തിട്ട ജില്ലാ കളക്ടറുടെ കൈവശമുള്ള സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഉദ്യോഗാർത്ഥികളെ വിളിപ്പിച്ച് അഭിമുഖം നടത്തി, അർഹരായവരെ ഉദ്യോഗകയ്യറ്റത്തോടെ ഗ്രേഡ് 2 ആശുപത്രി അറ്റൻഡർ തസ്തികയിൽ ആരോഗ്യവകുപ്പിൽ നിയമനം നൽകിയും, ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസ്തുത ഒഴിവുകൾ നികത്താറുണ്ട് |

| | | | |
|---|---|---|---|
| (ഡി) | മറ്റ് ഡിപ്പാർട്ടുമെന്റുകളിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികകളിൽ ഒഴിവുണ്ടായിട്ടും അത് നികത്താതെ, ആരോഗ്യവകുപ്പിലെ തസ്തികകളിൽ മാത്രം നിയമനം നടത്തുന്നത് ഒഴിവാക്കുമോ; | (ഡി) | ആശുപത്രികളിലെ ശുചീകരണം അടക്കമുള്ള ദൈനംദിന പ്രവർത്തനത്തിൽ ആശുപത്രി അറ്റൻഡർമാരുടെ സേവനം അത്യാവശമാണ്. ആയതിനാലാണ് ആരോഗ്യവകുപ്പിലെ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുള്ളത്. |
| (ഇ) | മറ്റു ഡിപ്പാർട്ടുമെന്റുകളിലെ ഒഴിവുകൾ നികത്തുന്നതിന് ആനുപാതികമായി മാത്രം ആരോഗ്യവകുപ്പിലെ ഒഴിവുകൾ നികത്തി ആരോഗ്യവകുപ്പിലെ നിലവിൽ ജോലി ചെയ്യുന്നവർക്ക് തുടരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | കേരള സർക്കാരിന് കീഴിലെ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് വിഭിന്നമായതും പൊതുജനാരോഗ്യം സംബന്ധിച്ച വിഷയമായതിനാലും ആരോഗ്യവകുപ്പിലെ ആശുപത്രികളിൽ ഉണ്ടാകുന്ന ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുകൾ യഥാസമയം നിയമനം നടത്തേണ്ടതുണ്ട്. മഴക്കാലജന്യരോഗങ്ങൾ പോലുള്ള സാഹചര്യങ്ങളിൽ തികച്ചും താൽക്കാലികമായി നിയമിക്കുന്ന ശുചീകരണ തൊഴിലാളികൾക്ക് തുടർ നിയമനം നൽകുവാൻ കേരള സർവ്വീസ് നിയമങ്ങൾ അനുവദിക്കുന്നില്ല |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**